**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 581** **10-02-2025 - ൽ മറുപടിയ്ക്ക്**

**'ഡ്രീംവെസ്റ്റർ' പദ്ധതിയും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരംഭകരുടെ വളർച്ചയും പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപ്പാക്കി വരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും, വളർച്ചയും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരി ക്കുകയും, നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇപ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനത്തിനുള്ള നിർദേശങ്ങൾ അതത് പദ്ധതികളുടെ മാർഗ നിർദേശങ്ങളിൽ ഉൾപ്പെടുത്തി സമയബന്ധിതമായ അവലോകനങ്ങൾ കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ജില്ലകളിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനം വേണ്ടി വരുന്ന പദ്ധതിക ൾക്ക് അതാത് വകുപ്പിന്റെ ജില്ലാ-സംസ്ഥാനതല ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും, ആവശ്യമെങ്കിൽ പ്രാദേശിക തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു കൊണ്ട് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെയും നയങ്ങളുടെയും അവലോകനങ്ങൾ നടത്തി വരുന്നു.<br><br>സംരംഭക വർഷവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ എണ്ണത്തിൽ കാര്യമായ വർധനവ് ഉണ്ടായിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് വ്യവസായികളിൽ നിന്നുള്ള ഫീഡ്ബാക്ക് സ്വീകരിക്കുകയും,പുതിയ പദ്ധതികൾ ആവിഷ്കരിച്ച് വരികയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് ചെറുകിട, ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുവാനും നിലവിലെ സംരംഭങ്ങൾ നടത്തുവാനും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.25% -10.25%) 100 കോടി രൂപ വരെ വായ്പയായി നൽകി വരുന്നു. ഓരോ ആറു മാസത്തിന്റെയും അവസാനം കുടിശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകി വരുന്നു. കൂടാതെ, ഈ പ്രൊജെക്റ്റുകളിൽ പ്രമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്.<br><br>പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രൊജെക്റ്റുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1 ന് മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കി വരുന്നു. മറ്റു പ്രൊജെക്റ്റുകൾക്ക് ഇത് യഥാക്രമം 1:1 ഉം 1.5:1 ഉം ആണ്. മാത്രമല്ല ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായവും നൽകുന്നതിന് പ്രത്യേക പരിഗണനയും നൽകുന്നുണ്ട്.<br><br>സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായികൾക്കും നിലവിൽ വ്യവസായം നടത്തികൊണ്ടിരിക്കുന്നവർക്കും ഒരു പോലെ പ്രോത്സാഹനവും സഹായവും നൽകുന്നതിനും സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ പ്രഖ്യാപിച്ചതും, വായ്പ തുക ഉയർത്തിയതും അപേക്ഷ ഫോറം ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതും കോവിഡ്-19-നെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി വ്യവസായ ഭദ്രത പാക്കേജും സമാശ്വാസ പദ്ധതി പാക്കേജും പ്രഖ്യാപിച്ചത് മേൽ പദ്ധതികളുടെ ഭാഗമായിട്ടാണ്. |
| (ബി) | യുവസംരംഭകരെ കണ്ടെത്തുന്നതിനും അവരുടെ ആശയങ്ങളെ ഉൽപ്പന്നമാക്കി സംരംഭങ്ങൾ മുഖേന വിപണനം നടത്തുന്നതിനും സഹായകരമായ 'ഡ്രീംവെസ്റ്റർ' പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ; | (ബി) | യുവസംരംഭകരെ കണ്ടെത്തുന്നതിനും അവരുടെ ആശയങ്ങളെ ഉത്പന്നമാക്കി സംരംഭങ്ങൾ മുഖേന വിപണനം നടത്തുന്നതിനും സഹായകരമായ 'ഡ്രീംവെസ്റ്റർ' പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ KSIDC യുടെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ചുകൊണ്ട് അഡീഷണൽ സ്കിൽ |

| | | | |
|---|---|---|---|
| | | | അക്വിസിഷൻ പ്രോഗ്രാം (ASAP) മുഖേനയാണ് നടപ്പിലാക്കുന്നത്.<br><br>കേരളത്തിലെ യുവ സംരംഭകരുടെ വളർച്ചയ്ക്കും പുതിയ സംരംഭങ്ങളുടെ പ്രോത്സാഹനത്തിനുമായി അസാപ് കേരള, സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (KSIDC) സഹകരണത്തോടെ "ഡ്രീംവെസ്റ്റർ 2.0” പദ്ധതി സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികൾക്ക് സ്വന്തം ആശയങ്ങളെ സംരംഭങ്ങളായി മാറ്റാനുള്ള അവസരവും സാമ്പത്തിക പിന്തുണയും നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ശില്പശാലകൾ, ഡിസൈൻ തിങ്കിങ് വർക് ഷോപ്പ്, ഐഡിയത്തോൺ മത്സരം എന്നീ മൂന്ന് ഘട്ടങ്ങളായാണ് ഡ്രീംവെസ്റ്റർ 2.0 നടപ്പാക്കുക.<br><br>ആദ്യ ഘട്ട ബോധവത്കരണ ശില്പശാലകൾ ഡിസംബർ മാസത്തിൽ വിജയകരമായി നടപ്പിലാക്കി യിരുന്നു. രണ്ടാം ഘട്ടത്തിൽ രജിസ്റ്റർ ചെയ്ത കുട്ടികൾക്ക് ഒരു ഡിസൈൻ തിങ്കിങ് വർക് ഷോപ്പ് നടന്നു വരുന്നു. കേരളത്തിൽ ഉടനീളം 30 വർക് ഷോപ്പുകൾ ആണ് നടക്കുന്നത്. അതിൽ 24 എണ്ണം വിജയകരമായി പൂർത്തീകരിച്ചു. 602 ടീമുകൾ ഇതിനകം രജിസ്റ്റർ ചെയ്തു കഴിഞ്ഞു. രണ്ടാം ഘട്ടം ഫെബ്രുവരി 7 വരെയുമാണ്.<br><br>സംസ്ഥാന തലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന മികച്ച 10 ആശയങ്ങൾക്ക് അംഗീകാരവും ഒരു ലക്ഷം രൂപ വീതം സാമ്പത്തിക സഹായം ലഭ്യമാക്കാനും ഉതകുന്ന നിലയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മികച്ച ആശയങ്ങൾ കൈവശമുള്ള പ്രീ ഫൈനൽ, ഫൈനൽ ഇയർ വിദ്യാർത്ഥികൾക്ക് സൗജന്യമായി രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (സി) | യുവസംരംഭകരെ സൃഷ്ടിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യം എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ? | (സി) | 29/2/2024 തീയതിയിലെ സ.ഉ.(കൈ) നമ്പർ 16/2024/ID പ്രകാരം ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം സുഗമമായും സുതാര്യമായും കൈവരിക്കുന്നതിന് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ തുടങ്ങുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനായി ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഈ പോർട്ടൽ വഴി നാളിതുവരെ 19 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി നടപടി സ്വീകരിച്ചുവരുന്നു. അർഹതയുള്ള കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് സഹകരണം ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർമാർ മുഖേന |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ